LIBRARY ARCHIVES Kerala Legislative Assembly

## പൊക്കാളി കൃഷിയുടെ വികസനത്തിന് പദ്ധതി

108 [426] ശ്രീ. ഇ. എം. അഗസ്തി:

,, ടി. എൻ. പ്രതാപൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. ലൂഡി ലൂയിസ്:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര ഹെക്ടർ സ്ഥലത്ത് പൊക്കാളികൃഷി നടത്തപ്പെടുന്നു;

(ബി) പൊക്കാളി കർഷകർക്ക് എന്തെല്ലാം സഹായം നൽകിവരുന്നു;

(സി) പൊക്കാളി പാടശേഖരങ്ങളുടെ വികസനത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് എറണാകുളം, തൃശൂർ, ആലപ്പുഴ എന്നീ ജില്ലകളിലാണ് പൊക്കാളി കൃഷി ചെയ്തുവരുന്നത്. ഈ മൂന്നു ജില്ലകളിലും കൂടി മൊത്തം 5560 ഹെക്ടർ സ്ഥലത്ത് പൊക്കാളി കൃഷി ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| എറണാകുളം | .. | 4100 ഹെക്ടർ |
| ആലപ്പുഴ | ... | 875 ഹെക്ടർ |
| തൃശൂർ | .. | 586 ഹെക്ടർ |

(ബി) പൊക്കാളി കർഷകർക്ക് കേന്ദ്രാവിഷ്കൃത എം. ഒ. യു. നെൽകൃഷി വികസന പദ്ധതി പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നു:

I. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്ത് 25 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിലേയ്ക്കായി 1560 ഹെക്ടർ സ്ഥലത്ത് 8 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നതാണ്.

II. കുമ്മായം എന്നിവ 25 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. നടപ്പു വർഷം 1500 ഹെക്ടർ സ്ഥലത്ത് 15 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

III. വികസന ഏജൻസി വഴി പൊക്കാളി നെല്ലിന്റെ സംസ്കരണവും വിപണനവും നടത്തുന്നതിന് 3 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

IV. നെൽകൃഷിക്കാർക്ക് ഉൽപ്പാദന ബോണസ് നൽകുന്ന പദ്ധതി പ്രകാരം ഒരു സീസണിൽ ഒരു ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നുണ്ട്.

V. പൊക്കാളി വികസന ഏജൻസികൾ വഴി നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതി പ്രകാരം ബണ്ട് നിർമ്മാണം, ബണ്ട് ഉറപ്പിക്കൽ, നീർവാർച്ചാ സൗകര്യം എന്നിവ വർദ്ധിപ്പിക്കുന്നതിനായി തോടുകൾ താഴ്ത്തുക, സ്ലൂയിസ് പണിയുക, എൻജിൻ ഷെഡ്, എൻജിൻ തറ എന്നിവ കെട്ടുക, മെതി യന്ത്രങ്ങൾ സ്ഥാപിക്കൽ എന്നീ സഹായങ്ങളും ചെയ്തു കൊടുക്കുന്നു.

(സി) എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ പൊക്കാളി പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പൊക്കാളി വികസന ഏജൻസികളെ ഏകോപിപ്പിച്ച് കെ. എൽ. ഡി. സി. വഴി 24 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൃശൂർ ജില്ലയ്ക്ക് വേണ്ടി 527 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## നെൽകൃഷി വികസനത്തിന് നടപടികൾ

109 [427] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകൃഷി വികസനത്തിന് 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

നെൽകൃഷി വികസനത്തിനായി 2001 മേയ് മാസത്തിനുശേഷം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത നെൽകൃഷി വികസന പദ്ധതി പ്രകാരം 2004-2005 വർഷത്തിൽ 1080 ലക്ഷം രൂപയ്ക്കും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 800 ലക്ഷം രൂപയ്ക്കും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുവാനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നടപടി സ്വീകരിച്ചു വരുന്നു. കൊയ്ത്തുകാലത്ത് സർക്കാർ വിപണിയിൽ ഇടപെട്ട് കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായവില ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു. ഗ്രൂപ്പ് ഫാമിംഗ് പുനരുജ്ജീവിപ്പിച്ച് പ്രസ്തുത പദ്ധതി പ്രകാരം 1000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. നെൽ കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകുന്നു. കൂടാതെ ഹെക്ടറിന് 350 രൂപ നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നു. നെൽകൃഷി വകസനത്തിനായി രൂപീകരിച്ചിട്ടുള്ള വികസന ഏജൻസികൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന്



LIBRARY ARCHIVES Kerala Legislative Assembly